# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:932** **29/09/2016-ൽ മറുപടിയ്ക്ക്**

## തീരദേശ നിയന്ത്രണ വിജ്ഞാപനം

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) | തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ സംസ്ഥാനത്തിന് ഇളവുകൾ അനുവദിക്കുന്നതിന് കേന്ദ്രത്തെ സമീപിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) | ഇളവുകൾ നേടിയെടുക്കുന്നതിന് എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ട്; | ബി) തീരദേശ വിജ്ഞാപനത്തിൽ ഇളവുകൾ നൽകാൻ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടതിന്റെ ഫലമായി കേന്ദ്ര സർക്കാർ ഡോ. ഷൈലേഷ് നായക് കമ്മിറ്റിയെ കേരളത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത സമിതി 2014-ൽ കേരളത്തിൽ വരികയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 14/06/2016-ന് കേന്ദ്ര പരിസ്ഥിതി മന്ത്രിയെ നേരിൽ കണ്ട് തീരദേശനിയന്ത്രണ വിജ്ഞാപനത്തിൽ കേരളത്തിന്റെ മത്സ്യമേഖലയ്ക്ക് ഇളവുകൾ അനുവദിക്കുവാൻ ആവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ട്. 2011-ലെ തീരദേശനിയന്ത്രണ വിജ്ഞാപനം പ്രാബല്യത്തിൽ വന്ന് ഒരു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ തീരദേശമാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി അനുമതി നേടേണ്ടതായിരുന്നെങ്കിലും കേരളത്തിന്റെ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ -ന് ഇതുവരെയും അനുമതി ലഭിച്ചിട്ടില്ല. കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ - ന് പുറമെ നമ്മുടെ തീരദേശത്തിന്റെ സവിശേഷതകളും CRZ നിയമം |

മൂലം മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള തീരദേശജനത നേരിടുന്ന പ്രശ്നങ്ങളും അഭിസംബോധന ചെയ്യുന്നതിന് ഓരോ തീരപ്രദേശത്തിന്റെയും സൂക്ഷ്മതല സവിശേഷതകൾ ഉൾപ്പെടുത്തി ഒരു സമഗ്ര തീരദേശമാനേജ്മെന്റ് പ്ലാൻ (Integrated Coastal Zone Management Plan) തയ്യാറാക്കി കേന്ദ്ര അനുമതി നേടേണ്ടിയിരുന്നെന്നും അതിൽ കേരളത്തിന് അനുയോജ്യമായ ഇളവുകൾ ഉൾപ്പെടുത്തി അനുമതി നൽകാനാവുമെന്നും കേന്ദ്ര പരിസ്ഥിതി മന്ത്രി ചർച്ചാവേളയിൽ അറിയിക്കുകയുണ്ടായി. മുൻസർക്കാരിന്റെ കാലത്ത് സമഗ്ര തീരദേശമാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുവാൻ ഒരു സൊസൈറ്റി രൂപീകരിച്ചിരുന്നതല്ലാതെ യാതൊരുവിധ പ്രവർത്തനങ്ങളും നടത്താതിരുന്നതിനാൽ, കേരളത്തിന്റെ തീരത്തിന്റെ സവിശേഷതകളും മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളും അഭിസംബോധന ചെയ്യുന്ന തരത്തിൽ സമഗ്ര തീരദേശമാനേജ്മെന്റ് പ്ലാൻ രൂപീകരിക്കുന്നതിന് ഒരു സമീപനരേഖ തയ്യാറാക്കുവാൻ ഫിഷറീസ് വകുപ്പ് മുൻകൈയ്യെടുത്ത് 10/08/2016, 11/08/2016 തീയതികളിൽ ഒരു ദേശീയ ശില്പശാല നടത്തുകയുണ്ടായി. ടി ശില്പശാലയുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സമീപന രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

| | | | |
|---|---|---|---|
| സി) | കേന്ദ്രത്തിന്റെ പ്രതികരണം ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | സി) | കേന്ദ്ര വന പരിസ്ഥിതി മന്ത്രാലയം പ്രസ്തുത ഡോ. ഷൈലേഷ് നായക് സമിതിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പുതിയ ഇളവുകൾ ഒന്നും ഇതുവരെയായി പ്രഖ്യാപിച്ചിട്ടില്ല. |

Aladeena

സെക്ഷൻ ആഫീസർ